LIBRARY ARCHIVES Kerala Legislative Assembly

(ബി) അച്ചടക്കനടപടിക്ക് കാരണമായ പരാതി നൽകിയ ശ്രീ. ബേബിച്ചൻ വർക്കി എന്ന വ്യക്തിയെ ശ്രീ. എൻ. ജി. ശ്രീമോൻ ഭീഷണിപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ 12-3-2021-ന് മുഖ്യമന്ത്രി, ഡി.ജി.പി. എന്നിവർക്ക് നൽകിയ പരാതിയിൽ എന്ത നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

പരാതി അന്വേഷണം നടത്തുന്നതിന് ഇടുക്കി ജില്ലാ പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്.

(സി) ശ്രീ. എൻ. ജി. ശ്രീമോൻ അനുകൂലമായി ഹൈക്കോടതിയിൽ വ്യാജ റിപ്പോർട്ട് നൽകിയതായി ആക്ഷേപമുള്ള ഉദ്യോഗസ്ഥൻ തന്നെ ടിയാനെ സർവീസിൽ തിരിച്ചെടുക്കണമെന്ന അപ്പീൽ അപേക്ഷ പരിഗണിക്കുന്നത് ഉചിതമാണോ; ഇക്കാര്യത്തിൽ ശ്രീ. ബേബിച്ചൻ വർക്കി നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

പോലീസ് ഉദ്യോഗസ്ഥർക്ക് ശിക്ഷാധികാരികൾ ചുമത്തുന്ന ശിക്ഷകളിന്മേലുള്ള അപ്പീൽ അപേക്ഷകൾ പരിഗണിക്കുന്നത് കേരള പോലീസ് വകുപ്പുതല അന്വേഷണ ശിക്ഷണ അപ്പീൽ ചട്ടങ്ങൾ (KPDIP &A Rule) പ്രകാരം നിക്ഷിപ്തമാക്കിയിട്ടുള്ള അധികാരമനുസരിച്ചാണ്.

ക്രിമിനൽ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി

115 (4840) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. വി. ശ്രീനിജിൻ :
ശ്രീ. വി. ജോയി :
ശ്രീ. എ. രാജ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈക്കോടതി ഉൾപ്പെടെയുള്ള കോടതികളിൽ ക്രിമിനൽ കേസുകൾ ഏറെക്കാലമായി തീർപ്പാക്കാതെ കിടക്കുന്നത് വേഗത്തിലാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുമോ; സി.ബി.ഐ. ഉൾപ്പെടെയുള്ള കേന്ദ്ര പ്രോസിക്യൂട്ടിംഗ് ഏജൻസികളുടെയും സംസ്ഥാന സർക്കാർ പ്രോസിക്യൂഷന്റെയും ഭാഗത്തുനിന്നും ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ;

&

(ബി) കേസ്സുകൾ ദശാബ്ദങ്ങളായി തീർപ്പാക്കാതെ കിടക്കുന്നത് നീതിന്യായ ഭരണത്തെ ദുർബ്ബലപ്പെടുത്തുമെന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഏതെങ്കിലും തരത്തിൽ ഇടപെടാൻ സാധിക്കുമോ; സംസ്ഥാന പ്രോസിക്യൂട്ടിംഗ് ഏജൻസികളുടെ ഭാഗത്തുനിന്നും അലംഭാവം ഉണ്ടാകാതിരിക്കാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

കോടതിയുടെ പരിഗണനയിലുള്ള കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ നിർദ്ദേശിക്കുന്നതിന് സർക്കാരിന് നിയമപരമായ പരിമിതികളുണ്ട്. റിപ്പോർട്ടാക്കുന്ന കേസുകളിൽ അനാവശ്യ കാലതാമസം വരുത്താതെ കേസന്വേഷണം നടത്തി കുറ്റപത്രം കോടതി മുമ്പാകെ സമർപ്പിച്ചുവരികയാണ്. വേഗത്തിൽ വിചാരണ നടപടികൾ സ്വീകരിക്കുന്നതിനായി വിചാരണയിലുള്ള കേസുകളിൽ സാക്ഷികൾക്കോ പ്രതികൾക്കോ സമൻസോ കോടതിയിൽ നിന്നുള്ള മറ്റ് കൽപനകളോ ലഭിക്കുകയാണെങ്കിൽ ആയവ സമയപരിധിക്കുള്ളിൽതന്നെ നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ സംസ്ഥാന പ്രോസിക്യൂട്ടിംഗ് ഏജൻസികളുടെ ഭാഗത്തുനിന്നും അലംഭാവം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോടതികളുടെ അടിസ്ഥാന സൗകര്യവികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ സർക്കാർ അടിയന്തര പ്രാധാന്യം നൽകിനടപ്പാക്കിവരുന്നു.

(സി) തലശ്ശേരി ഫസൽ വധകേസിൽ ഒരു ദശാബ്ദമായിട്ടും വിചാരണ തുടങ്ങാത്ത സാഹചര്യത്തിൽ നിയമ സംവിധാനത്തിനുമേൽ ജനങ്ങളുടെ വിശ്വാസം ഉലയ്ക്കുംവിധം ആ കേസിൽ പ്രതിപ്പട്ടികയിലുള്ള പൊതുപ്രവർത്തകർ നാടുകടത്തലിന് വിധേയരായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തലശ്ശേരി ഫസൽ വധക്കേസിലെ പ്രതിപ്പട്ടികയിലുൾപ്പെട്ടവർ ജാമ്യ വ്യവസ്ഥപ്രകാരം കണ്ണൂർ ജില്ലയിൽ പ്രവേശിക്കാൻ വരുന്ന മൂന്നു മാസത്തേയ്ക്ക് കൂടി വിലക്കുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കുറ്റകൃത്യത്തിലേർപ്പെട്ടവരുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കേസുകൾ പുനരന്വേഷിക്കുന്നതിനുള്ള വ്യവസ്ഥയുണ്ടോ; ഫസൽ വധം നടത്തിയത് തങ്ങളാണെന്ന ഒരു സംഘടനാ പ്രവർത്തകൻ വെളിപ്പെടുത്തിയത് സാമൂഹ്യ മാധ്യമങ്ങളിലൂടെയും മാധ്യമങ്ങളിലൂടെയും പുറത്തുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസ് കാലവിളംബം കൂടാതെ പുനരന്വേഷണം നടത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി സാധ്യമാണോ; വ്യക്തമാക്കുമോ?

കുറ്റകൃത്യത്തിലേർപ്പെട്ടവരുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പുനരന്വേഷിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലില്ല. ഫസൽ കൊല്ലപ്പെട്ട സംഭവത്തിന് തലശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 442/2006 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഊർജ്ജിത അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിനും പിന്നീട് സി.ബി.ഐ.-ക്കും കൈമാറിയിരുന്നു. കൊല്ലപ്പെട്ട ഫസലിന്റെ സഹോദരനായ ശ്രീ.അബ്ദുൾ സത്താർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ പരിഗണിച്ച് സി.ബി.ഐ.-യുടെ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അക്കാര്യംകൂടി ഉൾപ്പെടുത്തി തുടരന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത കേസിന്റെ അന്വേഷണവും ഇപ്പോൾ സി.ബി.ഐ-യ്ക്കാണ്.